നടപ്പു സാമ്പത്തിക വർഷത്തെ പദ്ധതി നിർവ്വഹണം

145(491) ശ്രീ. ജി. സുധാകരൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നടപ്പു സാമ്പത്തിക വർഷത്തെ പദ്ധതി അടങ്കലിൽ നിശ്ചയിച്ച കേന്ദ്രവിഹിതം ലഭ്യമായിട്ടുണ്ടോ ;

(ബി) സാമ്പത്തിക പരാധീനത കാരണം നിശ്ചയിച്ച തോതിൽ പദ്ധതി നിർവ്വഹണം പൂർത്തീകരിക്കുന്നതിന് സാധിക്കാത്ത സാഹചര്യം ഉണ്ടായിട്ടുണ്ടോ ;

(സി) സംസ്ഥാനത്തെ പദ്ധതി നിർവ്വഹണത്തിന്റെ ഓരോ സെക്ടറിലേയും പുരോഗതി വ്യക്തമാക്കാമോ ;

(ഡി) നടപ്പു സാമ്പത്തിക വർഷത്തിന്റെ രണ്ടാംപാദം അവസാനിക്കുമ്പോൾ 50 ശതമാനമോ അതിൽ കൂടുതലോ ചെലവ് വരുത്തിയ വകുപ്പുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ ;

(ഇ) നിശ്ചയിക്കപ്പെട്ട പ്രകാരം വർഷാവസാനം പദ്ധതി മുഴുവനായും നടപ്പിലാക്കാനാവശ്യമായ വിഭവസമാഹരണം ലഭ്യമാണോയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) നടപ്പു സാമ്പത്തിക വർഷം പദ്ധതി വിഹിത സഹായമായി 399.79 കോടി രൂപ (സാധാരണ കേന്ദ്രസഹായം, പ്രത്യേക കേന്ദ്രസഹായം) 18-2-2015 വരെ ലഭിച്ചിട്ടുണ്ട്.

(ബി) നിലവിൽ സംസ്ഥാനത്ത് സാമ്പത്തിക പരാധീനത ഇല്ല. നിശ്ചയിച്ച തോതിൽ പദ്ധതി നിർവ്വഹണം പൂർത്തീകരിക്കുന്നതിന് തടസ്സമൊന്നും ഉണ്ടായിട്ടില്ല.

(സി) സംസ്ഥാനത്തെ പദ്ധതി നിർവ്വഹണത്തിന്റെ സെക്ടർ തിരിച്ചുള്ള കണക്ക് അനുബന്ധമായി നൽകുന്നു.*

(ഡി) നടപ്പു സാമ്പത്തിക വർഷത്തിന്റെ രണ്ടാം പാദം അവസാനിക്കുമ്പോൾ പൊതുമരാമത്ത് വകുപ്പ് ആണ് (68%) 50 ശതമാനമോ അതിൽ കൂടുതലോ ചെലവ് വരുത്തിയ വകുപ്പ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) സംസ്ഥാനത്തിന്റെ ശേഷിക്കുന്ന കടമെടുപ്പ് പരിധിയിൽ നിന്നുകൊണ്ടും ലഭ്യമാകാൻ സാദ്ധ്യതയുള്ള വരുമാനത്തിൽ നിന്നുകൊണ്ടും പ്രഖ്യാപിത പദ്ധതികൾ സാമ്പത്തിക വർഷത്തിൽ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. പ്രഖ്യാപിത പദ്ധതികൾ സാമ്പത്തിക വർഷത്തിൽതന്നെ പൂർത്തീകരിക്കുന്നതിനും ധനകാര്യ മാനേജ്മെന്റ് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായും വിഭവ സംരക്ഷണത്തിനും അധിക വിഭവ സമാഹരണത്തിനും ഉതകുന്ന നടപടികൾ ഇതിനകം കൈക്കൊണ്ടിട്ടുണ്ട്.

വാർഷിക പദ്ധതിയിൽ വകയിരുത്തിയ തുക

146 (492) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15 വാർഷിക പദ്ധതിയിൽ ഓരോ വികസനമേഖലയിലും വകയിരുത്തിയ തുക എത്രയെന്ന് വിശദമാക്കാമോ ;

(ബി) ഇപ്രകാരം വകയിരുത്തിയതിൽ 31-1-2015 വരെ ഓരോ വികസന മേഖലയിലെയും ചെലവിന്റെ ശതമാനം വെളിപ്പെടുത്താമോ ?

ഉത്തരം

(എ&ബി) 2014-15 വാർഷിക പദ്ധതിയിൽ 31-1-2015 വരെ ഓരോ വികസന മേഖലയിലും വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

നികുതി വരുമാനത്തിലെ കുറവ്

147 (493) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സാമ്പത്തിക വർഷം നികുതി വരുമാനത്തിൽ ബഡ്ജറ്റിൽ പ്രതീക്ഷിച്ചതിനെക്കാൾ എന്ത് തുകയുടെ കുറവാണുണ്ടായത് ;

(ബി) ഇത് പരിഹരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സാമ്പത്തിക വർഷം അവസാനിച്ചെങ്കിൽ മാത്രമേ നികുതി വരുമാനത്തെ സംബന്ധിച്ച അന്തിമ വിലയിരുത്തൽ സാധ്യമാകുകയുള്ളൂ.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly